ശ്രീ. എം. പ്രകാശൻമാസ്റ്റർ അവതരിപ്പിച്ച 106, 113 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 2-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

1-ാം വകുപ്പും പീഠികയും പേരും

മി. സ്പീക്കർ: 1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കാമോ എന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി *(ശ്രീ. വക്കം പുരുഷോത്തമൻ)*: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2005-ലെ കേരള ടാക്സ് ഓൺ ലക്ഷ്വറീസ് (അമെന്റുമെന്റ്) ബിൽ പാസ്സാക്കിത്തരണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ഊർജ്ജ വകുപ്പുമന്ത്രി *(ശ്രീ. ആര്യാടൻ മുഹമ്മദ്)*: സർ, ഞാൻ ഈ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2005-ലെ കേരള ടാക്സ് ഓൺ ലക്ഷ്വറീസ് (അമെന്റുമെന്റ്) ബിൽ പാസ്സാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ .....

പ്രതികൂലിക്കുന്നവർ .....

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ പാസ്സായിരിക്കുന്നു.

(3) സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2005-ലെ കേരള ജനറൽ സെയിൽസ് ടാക്സ് (അമെന്റുമെന്റ്) ബിൽ

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി *(ശ്രീ. വക്കം പുരുഷോത്തമൻ)*: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2005-ലെ കേരള ജനറൽ സെയിൽസ് ടാക്സ് (അമെന്റുമെന്റ്) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ഊർജ്ജ വകുപ്പുമന്ത്രി *(ശ്രീ. ആര്യാടൻ മുഹമ്മദ്)*: സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി *(ശ്രീ. വക്കം പുരുഷോത്തമൻ)*: സർ, ഇതും ഡിസ്ക്കഷനില്ലാതെ പാസ്സാക്കാവുന്നതാണ്. കാരണം ഇതിൽ മൂന്നു പ്രശ്നങ്ങളാണുള്ളത്. ഒന്ന്, കമ്മീഷണർ ഡിഫൈൻ ചെയ്യുക, അതായത് ഇപ്പോഴുള്ള കമ്മീഷണറെ ആദ്യം ഡിഫൈൻ ചെയ്യുക. രണ്ട്, Aviation Turbine Fuel എന്നുള്ളതും Diesel and Petrol എന്നുള്ളതുമെല്ലാം മാറ്റിയിട്ട് Petroleum Products എന്നുള്ള വാക്ക് ചേർക്കുക. മൂന്ന്, Bharat Petroleum എന്നുള്ളത് Bharat Petroleum Corporation Limited എന്നാക്കുക. ഇതിലൊന്നും ഒരു തർക്കത്തിന്റെ കാര്യമില്ല. ഇതും പാസ്സാക്കിത്തരണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

ശ്രീ. പി. ജയരാജൻ: Sir, I move that the Kerala General Sales Tax (Amendment) Bill, 2005 as reported by the Subject Committee be circulated for obtaining public opinion. ജനറൽ സെയിൽസ് ടാക്സിന്റെ ഭേദഗതിയായിട്ട് ഇവിടെ അവതരിപ്പിച്ചത് ചെറിയ കാര്യങ്ങൾ മാത്രമാണ്. ഇതിൽ പെട്രോളിയം ഉല്പന്നങ്ങൾക്ക് കേന്ദ്രസർക്കാർ വില വർദ്ധിപ്പിക്കുമ്പോൾ ഇവിടേയും സെയിൽസ് ടാക്സ് വരുമാനം വർദ്ധിക്കുന്നുണ്ട്. വാറ്റ് നടപ്പാക്കുന്നതിന്റെ ഭാഗമായിട്ടാണല്ലോ ഈ ഭേദഗതി നിങ്ങൾ കൊണ്ടുവരുന്നത് ..... (ബഹളം) ..... ഞാൻ പറഞ്ഞുവരുന്നത് പെട്രോളിയത്തിന് 24%-വും ഡീസലിന് 20%-വുമാണ് ടാക്സ് ഏർപ്പെടുത്തിയിട്ടുള്ളത്. അപ്പോൾ സ്വാഭാവികമായും ഈ വിലവർദ്ധനവ് നമ്മുടെ സെയിൽസ് ടാക്സിന്റെ വരുമാനത്തിൽ വർദ്ധനവുണ്ടാക്കുന്നുണ്ട്. അതുപോലെതന്നെ ഇന്ത്യൻ നിർമ്മിത വിദേശ മദ്യത്തിന്റേയും നിരക്ക് വർദ്ധനവിന്റെ ഫലമായി നമ്മുടെ ടാക്സ് വരുമാനത്തിൽ വർദ്ധനവുണ്ടാകുന്നു. വാറ്റ് നടപ്പാക്കുന്നതോടുകൂടി നമ്മുടെ നികുതി വരുമാനത്തിൽ വരുന്ന ഒരു കുറവ് കോമ്പൻസേറ്റു ചെയ്യുന്നതിനുവേണ്ടി കേന്ദ്ര ഗവൺമെന്റ് ആവശ്യപ്പെട്ടിട്ടുള്ള സഹായം നൽകുമെന്ന് പ്രഖ്യാപിച്ചിരുന്നതാണ്. ആ നിലയ്ക്ക് കേന്ദ്രത്തിലെ empowered committee മുമ്പാകെ ഈ വരുമാനത്തിലുള്ള കുറവ് ചൂണ്ടിക്കാണിച്ചിരുന്നുവെങ്കിൽ നമ്മുടെ സംസ്ഥാനത്തിന് ആവശ്യമായ ധനസഹായം കിട്ടുമായിരുന്നു. അത് വാങ്ങിയെടുക്കാൻ കഴിഞ്ഞിട്ടില്ല എന്നുള്ള വിമർശനമാണ് എനിക്ക് ഉന്നയിക്കാനുള്ളത്.

പശ്ചിമബംഗാളിന് 100 കോടി രൂപയും മധ്യപ്രദേശിന് 400 കോടി രൂപയും. ഈ ഇനത്തിൽ എംപവേർഡ് കമ്മിറ്റിയുടെ തീരുമാനമനുസരിച്ച് ലഭിച്ചു എന്നാണ് മനസ്സിലാക്കുന്നത്. അതുപോലെത്തന്നെ വാറ്റ് വന്നതോടുകൂടി ഉല്പന്നങ്ങളുടെ വിലയിൽ കുറവു വരുമെന്നാണ് പ്രതീക്ഷിച്ചിരുന്നത്. പക്ഷേ മരുന്നടക്കമുള്ള

LIBRARY ARCHIVES Kerala Legislative Assembly

ഉല്പന്നങ്ങൾക്ക് വിലയിൽ യാതൊരു കുറവും ഉണ്ടായിട്ടില്ല എന്നാണ് ഇതു സംബന്ധിച്ച് പറയാനുള്ളത്. അതുപോലെതന്നെ ഈ ചെറുകിട വ്യവസായികളുടെ ഉല്പന്നങ്ങളെ സംബന്ധിച്ചിടത്തോളം അവർക്ക് പന്ത്രണ്ടര ശതമാനം .....

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി *(ശ്രീ. വക്കം പുരുഷോത്തമൻ)*: സർ, അതു (VAT)-ൽ വരുന്നതാണ്. അതൊന്നും ഇതിൽ വരുന്നതല്ല.

ശ്രീ. പി. ജയരാജൻ: ഞാൻ എന്റെ ഭേദഗതി മൂവു ചെയ്യുകയാണ്.

ശ്രീ. സി. ടി. അഹമ്മദ് അലി: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടു ചെയ്ത പ്രകാരമുള്ള 2005-ലെ കേരള ജനറൽ സെയിൽസ് ടാക്സ് (അമെന്റ്മെന്റ്) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. .

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി *(ശ്രീ. വക്കം പുരുഷോത്തമൻ)*: രണ്ടു കാര്യങ്ങളാണ് അദ്ദേഹം പറഞ്ഞത്. ഒന്ന് എംപവേർഡ് കമ്മിറ്റി ഇതിനു കോമ്പൻസേഷൻ തരാമെന്നു പറഞ്ഞിട്ടുപോലും ഞങ്ങളാരും അതിന് ശ്രമിച്ചില്ല എന്നാണ്. പെട്രോൾ ഉല്പന്നങ്ങളും ആൾക്കഹോളും ഒന്നും ഈ വാറ്റിൽ വരുന്നതല്ല. അതു വാറ്റിനു പുറത്താണ്. അതു കെ.ജി.എസ്.ടി.-യിൽ വരുന്നതാണ്. വാറ്റിൽ വരുന്ന കാര്യങ്ങൾക്കു മാത്രമേ കോമ്പൻസേഷനുള്ളൂ. ഭേദഗതികൾ സ്വീകാര്യമല്ല.

മി. സ്പീക്കർ: ശ്രീ. പി. ജയരാജൻ അവതരിപ്പിച്ച ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. പി. ജയരാജൻ: പ്രസ്സ് ചെയ്യുന്നില്ല.

അനുകൂലിക്കുന്നവർ .....

പ്രതികൂലിക്കുന്നവർ .....

ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

മി. സ്പീക്കർ: ശ്രീ. സി. ടി. അഹമ്മദ് അലി, അങ്ങയുടെ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. സി. ടി. അഹമ്മദ് അലി: പ്രസ്സ് ചെയ്യുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

അനുകൂലിക്കുന്നവർ .....

പ്രതികൂലിക്കുന്നവർ .....

ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2005-ലെ കേരള ജനറൽ സെയിൽസ് ടാക്സ് (അമെന്റ്മെന്റ്) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

2-ഉം 3-ഉം വകുപ്പുകൾ

2-ഉം 3-ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ.

അനുകൂലിക്കുന്നവർ .....

പ്രതികൂലിക്കുന്നവർ .....

[അദ്ധ്യക്ഷവേദിയിൽ മി. ചെയർമാൻ ശ്രീ. തോമസ് ചാഴികാടൻ]

2-ഉം 3-ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

2-ഉം 3-ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമായി.

4-ാം വകുപ്പ്

ശ്രീ. ജോസഫ് എം. പുതുശ്ശേരി: Sir, I move the following amendment:

(74) In section 7 of the principal Act proposed to be inserted by clause 4, for the words "Notwithstanding anything contained" substitute the words "Notwithstanding anything to the contrary contained".

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: Sir, I move the following amendment:

(75) In section 7 of the principal Act, proposed to be inserted by clause 4, for the words "any bar attached hotel, not being a Star hotel of and above three star hotel, heritage hotel or club, may, at its options, instead of paying turnover tax on liquor in accordance with the provisions of the said sub-section" the words "any bar attached hotel, heritage hotel or club" shall be inserted.

LIBRARY ARCHIVES Kerala Legislative Assembly

ഇവിടെ ഹോട്ടലുകളുടെ സ്റ്റാർ പദവി കണക്കിലെടുത്ത് ത്രീ സ്റ്റാറോ അതിനു മുകളിലോ എന്ന പദപ്രയോഗം നികുതിയിൽ നിന്നും വലിയൊരു വിഭാഗത്തെ ഒഴിവാക്കാൻ മാത്രമാണ് ഇടയാക്കുക. അതുകൊണ്ട് മദ്യവ്യാപാരം നടത്തുന്ന ഏതു സ്റ്റാർ പദവിയിലുള്ള ഹോട്ടലുകളായാലും മറ്റു ഏതു സ്ഥാപനമായാലും അവയെല്ലാം ഈ ടാക്സ് നെറ്റിൽ വരത്തക്ക വിധത്തിൽ അതുൾപ്പെടുത്തേണ്ടതാണ്. ഈ ഭേദഗതിയാണ് ഞാൻ അവതരിപ്പിക്കുന്നത്.

ശ്രീ. എം. പ്രകാശൻ മാസ്റ്റർ: Sir, I move the following amendments:

(77) In section 7 of the principal Act, proposed to be inserted by clause 4, the words "not being a star hotel of and above three star hotel" shall be deleted.

(85) In the entry against item (a) of section 7 of the principal Act, proposed to be inserted by clause 4, for the words "one hundred and forty per cent" shall be substituted by the words "One hundred and fifty per cent".

(95) In the entry against item (b) of section 7 of the principal Act proposed to be inserted by clause 4, the words "One hundred and thirty five per cent" shall be substituted by the words "One hundred and forty per cent".

ശ്രീ. തോമസ് ഉണ്ണിയാടൻ: Sir, I move the following amendment:

(79) In the entry against item (a) of section 7 of the principal Act proposed to be inserted by clause 4, for the words "a municipal corporation or municipal council" substitute the words "a municipal corporation or a municipal council or a Town Panchayat".

ശ്രീ. പി. ജയരാജൻ: Sir, I move the following amendments:

(84) In the entry against item (a) of section 7 of the principal Act, proposed to be inserted by clause 4, for the words "one hundred and forty per cent" substitute "One hundred and thirty per cent".

(94) In the entry against item (b) of Section 7 of the principal Act, proposed to be inserted by clause 4, for the words "one hundred and thirty five per cent" substitute the words "one hundred and twenty five per cent".

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. നാരായണൻ: Sir, I move the following amendments:

(88) In the entry against item (a) of section 7 of the principal Act, proposed to be inserted by clause 4, for the words "one hundred and forty per cent" the words "three hundred per cent" shall be substituted.

(90) In the entry against item (b) of section 7 of the principal Act, proposed to be inserted by clause 4, for the words "One hundred and thirty five per cent" the words "Seventy five per cent" shall be substituted.

ഡോ. തോമസ് ഐസക്: Sir, I move the following amendment:

(89) In the entry against item (a) and (b) of section 7 of the principal Act, proposed to be inserted by clause 4, for the words "one hundred and forty per cent" and "one hundred and thirty five per cent" may be substituted by the words "Three hundred per cent" and "two hundred and fifty per cent" respectively.

സബ്ജക്ട് കമ്മിറ്റിയിൽ വച്ച് ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രിയുടെ വർത്തമാനത്തിൽ മയങ്ങിപ്പോയി. അതുകൊണ്ട് ഇതിനു ഡിസന്റ് എഴുതിയില്ല. ഇതു വളരെ ഗൗരവമായിട്ടുള്ള ഭേദഗതിയാണ്. വാറ്റെല്ലാം ചർച്ച ചെയ്തു കഴിഞ്ഞപ്പോൾ അദ്ദേഹം പറഞ്ഞു, നമ്മുടെ എക്സൈസുകാരും സെയിൽസ്ടാക്സുകാരും ബാർ ഹോട്ടലിൽ കയറി രണ്ട് പെഗ്ഗ് അടിച്ചിട്ട് അസംബന്ധങ്ങളും ബഹളവും നടത്തി ഇറങ്ങിപ്പോകുന്നതു ശരിയല്ല. എന്തിനാണ് ആ ഏർപ്പാട്? ഇതു കോംപൗണ്ട് ചെയ്താൽ പോരെ. എത്രയാണ് ബിവറേജസ് കോർപ്പറേഷനിൽ നിന്നും സ്റ്റാർ ഹോട്ടലുകൾക്ക് വിറ്റത് എന്നുള്ളത് സംബന്ധിച്ച് കണക്കുണ്ട്. അപ്പോൾ അതിന്റെ 139 ശതമാനം ഗ്രാമത്തിലാണെങ്കിൽ പിന്നെ എന്തിനാണ് ഈ വയ്യാവേലിക്കു പോകുന്നത്? കൃത്യമായിട്ടുള്ളതു ഗവൺമെന്റിനു കിട്ടുമല്ലോ. ഞങ്ങൾ അതു കേട്ടു വിശ്വസിച്ചു വിട്ടു കളഞ്ഞു. അതു കഴിഞ്ഞ് പുറത്തിറങ്ങിയപ്പോഴാണ് എന്റെ മനസ്സിൽക്കൂടി ഒരു ചിന്ത കടന്നുപോയത്. പർച്ചേസ് വാല്യൂവിനാണ് നിങ്ങൾ 140 ശതമാനം വച്ച് ടേൺ ഓവർ ടാക്സ് ചുമത്തുന്നത്. അപ്പോൾ പ്രസക്തമായ ചോദ്യം, പർച്ചേസ് വാല്യൂവിന്റെ എത്ര ശതമാനത്തിലാണ് ഇപ്പോൾ ലിക്കർ, ബാർ ഹോട്ടലുകളിൽ വിൽക്കുന്നത്? ഞാൻ കഴിഞ്ഞ ദിവസം കൊച്ചിയിലായിരുന്നു. അതുകൊണ്ട് കൊച്ചിയിലുള്ള ബാർ ഹോട്ടലിലേക്കു ഫോൺ ചെയ്തു. ഏറ്റവും കുറഞ്ഞ പ്രൈസുള്ള Rum, Old Monk-ന്റെ വില 184 രൂപയാണ്. ഞാൻ ത്രീ സ്റ്റാർ ബാറുകളൊന്നും എടുത്തില്ല, 5 സ്റ്റാറോ അതിൽ താഴ്ന്ന നോൺ എയർ കണ്ടീഷൻഡ് ആയിട്ടുള്ള ബാറുകളാണ്

LIBRARY ARCHIVES Kerala Legislative Assembly

എടുത്തത്. എന്നു വച്ചാൽ 184 രൂപയ്ക്കു വാങ്ങുന്ന Old Monk അവിടെ പെഗ്ഗിനു 320 രൂപയ്ക്കാണ് വിൽക്കുന്നത്. അങ്ങു പറഞ്ഞതുപോലെ ഏറ്റവും താഴ്ന്ന വിദേശമദ്യം പോലും 140 ശതമാനം വിലയ്ക്കല്ല, ചുരുങ്ങിയത് 175 ശതമാനം, 180 ശതമാനം വിലയ്ക്കാണ് വിൽക്കുന്നത്. ഇതിൽ തന്നെ മുന്തിയതരം മദ്യമാണെങ്കിൽ ഈ മാർജിൻ കൂടും. ത്രീ സ്റ്റാറുകളിലും ഫോർ സ്റ്റാറുകളിലുമാണെങ്കിൽ 400-ഉം 500-ഉം 1000-ഉം വരെയാകും. അതൊന്നും എടുക്കുന്നില്ല. നമ്മുടെ പരിധിയിൽ വരുന്നത് ടു സ്റ്റാർ വരെയുള്ളതാണ്. ത്രീ സ്റ്റാർ വരെ എക്സ്ക്ലൂഡ് ചെയ്യുന്നുണ്ട്. മിനിസ്റ്റർ പറഞ്ഞതുപോലെയല്ല. അതിനു അദ്ദേഹം പറയുന്നതു അസസ്മെന്റ് നടത്തി വാങ്ങിക്കുമെന്നാണ്. യഥാർത്ഥത്തിൽ അങ്ങ് എന്താണ് ചെയ്തിരിക്കുന്നത്? അങ്ങ് ചെയ്തിരിക്കുന്നതു ബിവറേജസ് കോർപ്പറേഷനിൽ കൊടുക്കുന്നതിൽ നിന്നും 175 മുതൽ 250 ശതമാനം വരെ വില കൂട്ടി വിൽക്കുന്നതിനു തീരുമാനിച്ചിരിക്കുന്നു. നിങ്ങൾ 140 ശതമാനം 135 ശതമാനത്തിൽ കോംപൗണ്ട് ചെയ്യാൻ ഉദ്ദേശിച്ചിരുന്നതാണ്. സർക്കാരിനു കിട്ടേണ്ട നികുതി, ഏതാണ്ട് 30 ശതമാനം റൈറ്റ് ഓഫ് ചെയ്യുകയാണ്. യഥാർത്ഥത്തിൽ നമുക്കെല്ലാം അറിയാം, ഈ ബാറുകളിൽ സെക്കന്റ്സും തേർഡുമെല്ലാമുണ്ട് എന്ന്. ഇതു മുഴുവൻ ബിവറേജസ് കോർപ്പറേഷനിൽ നിന്നും വാങ്ങുന്നു എന്ന അനുമാനത്തിൽ, കോംപൗണ്ടിംഗ് അനുവദിച്ചു കഴിഞ്ഞാൽ പിന്നെ സെൽഫ് അസസ്മെന്റ് മാത്രമേയുള്ളൂ. വേറെ പരിശോധനയുമില്ല, നോട്ടവുമില്ല. ഇന്ന് ഈ സെക്കന്റ്സും തേർഡുമൊക്കെ വിൽക്കുന്നതിനു പരിമിതമായിട്ടുള്ള മേൽനോട്ടം പോലും നിങ്ങൾ വേണ്ടെന്നു വയ്ക്കുകയാണ്. ഈ ഭേദഗതിയിൽ ഈ ക്ലാസ്സാണ് ഏറ്റവും പ്രധാനം. ഇതിന്റെ ഫലമായിട്ട് ഖജനാവിലേക്കു വലിയ നഷ്ടമാണ് ഉണ്ടാകുന്നത്. ഞാൻ കോംപൗണ്ടിംഗിന് എതിരല്ല. ലളിതമാക്കാം. പക്ഷേ when you know, minimum 170 ശതമാനം എന്നു പറയുമ്പോൾ എന്തിനു കുറയ്ക്കണം. അവർക്ക് സൗകര്യം കൊടുക്കുകയല്ലേ? കോംപൗണ്ട് ചെയ്യാൻ അനുവദിക്കുന്ന ഒരാൾക്ക് പിന്നെ സെൽഫ് അസസ്മെന്റ് നടത്തിയാൽ മതി. വേറെ അന്വേഷണമോ വയ്യാവേലിയോ ഒന്നുമില്ല. അങ്ങനെ വരുമ്പോൾ എന്തിനു നിങ്ങൾ അനാവശ്യമായി കൺസെഷൻ നൽകണം. അപ്പോൾ യഥാർത്ഥത്തിൽ അങ്ങ് ചെയ്തിരിക്കുന്നത്, ഈ ബാർ ഹോട്ടൽ ഉടമകളുമായി ഒരു ഡീൽ ഉണ്ടാക്കിയിരിക്കുകയാണ്. ഇതു ശരിയല്ല. ഇതു മാറ്റണം. അതുകൊണ്ട് എന്റെ ഭേദഗതി നഗരമേഖലയിൽ 300, പഞ്ചായത്തിൽ 250, എന്നാലും ഈ 135/140 ശതമാനം നികുതി വെട്ടിപ്പിനു അങ്ങു കൂട്ടു നിൽക്കുകയാണ്. അങ്ങനെ ചെയ്യരുത്.

LIBRARY ARCHIVES Kerala Legislative Assembly

Prof. Savithri Lakshmanan: Sir, I move the following amendment:

(87) In the entry in the last column against item (a) of Section 7 of the principal Act, proposed to be amended by clause 4, for the words "one hundred and forty per cent" substitute "two hundred and fifty per cent".

5.00 PM]

ഇവിടെ ത്രീസ്റ്റാർ ഹോട്ടലുകളും അതിന് മുകളിലുള്ള ഹോട്ടലുകളെയും ഒഴിച്ചുള്ള ഹോട്ടലുകൾക്ക് ടേൺ ഓവർ ടാക്സിനു പകരം കോമ്പൗണ്ടിംഗ് സമ്പ്രദായത്തിനുള്ള ഒരു സെക്ഷനാണ് 7 എന്ന് എനിക്ക് സംശയമുള്ളതുകൊണ്ടാണ് ഞാൻ ഈ ഭേദഗതി അവതരിപ്പിക്കുന്നത്. ഗുരുവായൂർ അതുപോലെ മൂന്നാർ ഇവിടെയൊക്കെ മദ്യം കൊയ്യാനുള്ള ഒരു ഏർപ്പാടിന് നാം അനുവാദം കൊടുക്കാൻ പാടില്ല. അതുകൊണ്ട് ടൗൺ പഞ്ചായത്തുകളെ 'എ' വിഭാഗത്തിൽപ്പെടുത്തണം. അവിടെ രണ്ട് ടൗൺ പഞ്ചായത്തുകളേയുള്ളൂ.

Shri A. K. Balan: Sir, I move the following amendment:

(97) Recast the entries (a) and (b) of Section 7 of the principal Act proposed to be inserted by clause 4 as follows:

"(a) In the case of those situated within the area of Municipal Corporation – two hundred percentage;

(b) In the case of those situated within Municipal Area – One hundred and Seventy five percentage;

(c) In the case of those situated in other places – One hundred and fifty percentage;

സർക്കാരിന് കിട്ടേണ്ട ഭീമമായ നികുതിയാണ് ഈ ഭേദഗതിമൂലം ഇല്ലാതാകുന്നത്. അതുകൊണ്ട് കോർപ്പറേഷൻ പ്രദേശത്ത് മിനിമം 200 ശതമാനവും മുനിസിപ്പൽ പ്രദേശത്ത് 175 ശതമാനവും ബാക്കിയുള്ള സ്ഥലത്ത് 100 ശതമാനവുമാക്കി ടാക്സ് കുറയ്ക്കണം. ഇപ്പോൾ സെക്കന്റ്സ് എന്നു പറയുന്നത് സാർവ്വത്രികമായിരിക്കുകയാണ്. നേരത്തെ ഉദ്യോഗസ്ഥൻമാർക്ക് കുറച്ച് പേടിയുണ്ടായിരുന്നു; ഇപ്പോൾ ഇതുകൂടി വരുമ്പോൾ സാർവ്വത്രികമാകും. പിന്നെ കള്ളവാറ്റായിരിക്കും വിൽപ്പന നടത്തുക. അതുകൊണ്ട് ഒരു കാരണവശാലും കോമ്പൗണ്ടിംഗ് ചെയ്യുന്നത് അംഗീകരിക്കാൻ പറ്റുകയില്ല. അതുകൊണ്ട് Payment of tax at compounded rates – Section 7 പരിപൂർണ്ണമായും ഈ രൂപത്തിൽ മാറ്റണം.

LIBRARY ARCHIVES Kerala Legislative Assembly

Shri Kodiyeri Balakrishnan: Sir, I move the following amendment:

(99) Recast the entries (a) and (b) of Section 7 of the principal Act proposed to be inserted by clause 4 as follows:

"(a) In the case of those situated within the area of Municipal Corporation – Two hundred and fifty percentage;

(b) In the case of those situated within a Municipal Town – Two hundred and twenty five per cent;

(c) In the case of those situated in tourist area – Two hundred per cent.

(d) In the case of those situated in any other places – Two hundred per cent."

ബാർ ഹോട്ടലുകൾക്ക് സഹായകരമായ രീതിയിലാണ് ഇത്തരത്തിലുള്ള ഒരു ഭേദഗതി കൊണ്ടുവന്നിരിക്കുന്നത്. അതുകൊണ്ട് ഇതിൽ സമൂലമായ മാറ്റം വരുത്തണം. വലിയതോതിലുള്ള തട്ടിപ്പ് ബാർ ഹോട്ടലുകളെ കേന്ദ്രീകരിച്ച് നടക്കുന്നുണ്ട്. നമ്മുടെ സംസ്ഥാനത്ത് കിട്ടേണ്ട നികുതിയാണ് അവർ ചോർത്തിയെടുക്കുന്നത്. അതുകൊണ്ടാണ് ഞാൻ 99-ാമത്തെ ഭേദഗതി അവതരിപ്പിക്കുന്നത്.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി *(ശ്രീ. വക്കം പുരുഷോത്തമൻ):* ഇവിടെ രണ്ട് കാര്യങ്ങൾ പറഞ്ഞു. ഒന്ന്, ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ പറഞ്ഞത്. ടീച്ചർ പറഞ്ഞതും മറ്റുള്ള അംഗങ്ങൾ പറഞ്ഞതും പരസ്പര വിരുദ്ധമാണ്. ഇവിടെ ചെയ്തിരിക്കുന്നത് എന്താണെന്നുവച്ചാൽ ത്രീസ്റ്റാർ തൊട്ട് മുകളിലോട്ടുള്ള ഹോട്ടലുകളിലാണ് യഥാർത്ഥ വിലയുടെ പലമടങ്ങുവച്ച് വിൽക്കുന്നത്. അതുകൊണ്ട് അതൊന്നും കോമ്പൗണ്ടിംഗിൽ കൊണ്ടുവരുന്നില്ല. ഇപ്പോൾ ഫൈവ്സ്റ്റാർ ഹോട്ടലുകളിലാണെങ്കിൽ മെമ്പർ സൂചിപ്പിച്ചതുപോലെ പല മടങ്ങ് വിലവച്ചാണ് വിൽക്കുന്നത്. അതുകൊണ്ട് അതെല്ലാം യഥാർത്ഥമായിട്ടുള്ള കണക്കുതന്നെ എടുക്കും. ത്രീസ്റ്റാർ ഹോട്ടലുകളും അതിന് മുകളിലുള്ള ഹോട്ടലുകളുടെ കണക്ക് കുറെ യാഥാർത്ഥ്യമാണ്. കൃത്രിമങ്ങൾ കുറച്ച് കുറവുമാണ്. യഥാർത്ഥത്തിൽ നികുതി നമുക്ക് കിട്ടുകയും ചെയ്യും. അപ്പോൾ സ്റ്റാർ ഹോട്ടലുകളിലെല്ലാം അത് ചെയ്യാം. മറ്റ് സാധാരണ ഹോട്ടലുകളിൽ യഥാർത്ഥത്തിൽ ഓരോന്നിലും പ്രത്യേകം അസ്സസ്മെന്റാണ് നടക്കുന്നത്. അതിൽ എന്തെല്ലാമാണ് നടക്കുന്നതെന്നുള്ളത് പരിണതപ്രജ്ഞനായ അങ്ങേക്ക് അറിയില്ലേ. ഓരോന്നിന്റേയും ടാക്സ് അസ്സസ്മെന്റ് നടത്തിയാൽ

LIBRARY ARCHIVES Kerala Legislative Assembly

എങ്ങനെയാകുമെന്ന് ഞാൻ പറയണോ. ഇപ്പോൾ അത് കുറച്ചുകൂടി transparent ആക്കിയിരിക്കുന്നു. അത് വാങ്ങണമെന്നുണ്ടെങ്കിൽ ബിവറേജസ് കോർപ്പറേഷനിൽ നിന്നും വാങ്ങണം. വേറെ ഒരിടത്തുനിന്നും വാങ്ങാൻ പറ്റുകയില്ല. പിന്നെ സെക്കന്റ്സും തേർഡും എന്നൊക്കെ പറയുന്നത് ഇല്ല എന്നൊന്നും ഞാൻ പറയുന്നില്ല. എന്നാൽ ഈ പറയുന്ന കണക്കൊന്നുമില്ല. ഉണ്ടെങ്കിൽ അത് കുറെയെങ്കിലും പുറത്തുവരും. ഇതിൽ റെയ്ഡ് ഒക്കെ നടക്കുന്നുണ്ട്. ഈ പറയുന്ന രീതിയിലൊന്നുമില്ല. ബിവറേജസ് കോർപ്പറേഷനിൽനിന്നും വാങ്ങുമ്പോൾ എത്ര ബോട്ടിൽ ഓരോരോ ഹോട്ടലുകാർ വാങ്ങിച്ചിട്ടുണ്ട് എന്ന കണക്കുണ്ട്. ആ കണക്കനുസരിച്ച് പഞ്ചായത്തിലാണെങ്കിൽ 135 ശതമാനം നികുതിയടയ്ക്കും. ആരുടേയും interference ഇല്ലാതെ ഉദ്യോഗസ്ഥർക്കായാലും ഹോട്ടലുകൾക്കായാലും കൃത്രിമം കാണിക്കാനുള്ള സൗകര്യമില്ലാതെ transparent ആയിട്ട് തീരുമാനിച്ചു. ചെറിയ ഹോട്ടലുകളിൽ അങ്ങ് വിചാരിക്കുന്നതുപോലെ വലിയ ടാക്സേഷനൊന്നും ഇല്ല. ത്രീസ്റ്റാർ ഹോട്ടലിൽ വരുമ്പോഴാണ് പെർസന്റേജ് കൂടുന്നത്. അങ്ങ് ഒരു ബാറിൽ പോയി നോക്കിയാൽ അറിയാം.

ഡോ. തോമസ് ഐസക്: ഇത്തരത്തിൽ കോമ്പൗണ്ടിംഗ് സമ്പ്രദായം ഏർപ്പെടുത്തുന്നതിന് എതിരല്ല. അതുകൊണ്ട് ഭക്ഷണത്തിന് 15 ശതമാനവും 12 ശതമാനവുമൊക്കെ നികുതി ചുമത്തിയ ക്ലാസിനെ നമ്മൾ എതിർത്തില്ല. ഇവിടെ തർക്കം എന്താണെന്നുവച്ചാൽ 45 ശതമാനവും 35 ശതമാനവും അല്ല mark up. ഞാൻ ഏഴ് ബാറുകളിലെ വിലനിലവാരം വിളിച്ചു ചോദിച്ചു. Cheapest Rum-ന് 70-75 ശതമാനമാണ് mark up. അറിഞ്ഞുകൊണ്ട് കോമ്പൗണ്ടിംഗ് സൗകര്യം കൊടുക്കുമ്പോൾ എന്തിനാണ് നികുതിയിളവ് ഇവർക്ക് കൊടുക്കുന്നത്?

ശ്രീ. വക്കം പുരുഷോത്തമൻ: ഞാൻ ഡോക്ടർ പറഞ്ഞതിനെ എതിർക്കുന്നില്ല. പക്ഷേ, എല്ലാ സ്ഥലത്തും ഒന്നാകണമെന്നില്ല. സാധാരണ ബാർ ഹോട്ടലുകൾ എന്നു പറയുന്നത് അങ്ങ് വിചാരിക്കുന്നതുപോലെ കൂടുതൽ ഇല്ല. നമ്മൾ ബാറുകൾ കൊടുത്തിരിക്കുന്നത് ഒരു സ്റ്റാർപോലും ഇല്ലാത്ത ഹോട്ടലുകൾക്കാണ്. നൂറുകണക്കിന് ബാറുകളാണ് ഉള്ളത്. ഞങ്ങൾ കൊടുത്തതല്ല. പണ്ടേയുള്ളതുതന്നെയാണ്. ഒരു സാധാരണ ഹോട്ടലിൽ ബാറും കൊടുത്തിട്ടുണ്ട്. അവിടെ വലിയ വിലയ്ക്ക് വിൽക്കുകയില്ല. കുപ്പി വാങ്ങിച്ച് വീട്ടിൽക്കൊണ്ടുപോയി കുടിക്കാൻ കഴിയുന്നവർതന്നെയാണ് അവിടേയും പോകുന്നത്. അപ്പോൾ ഒരു ന്യായമായ വിലയ്ക്കാണ് അവിടേയും വിൽക്കുന്നത്. സ്റ്റാർ ഹോട്ടലുകളിൽ അങ്ങനെയല്ല. അതുകൊണ്ടാണ് നമ്മൾ ഹോട്ടലിനെ exempt ചെയ്ത് ഇത് കുറച്ചുകൂടി സുതാര്യമാക്കാനും കൃത്രിമങ്ങൾ ഒഴിവാക്കാനും സാധിച്ചിട്ടുണ്ട്. ഇതിൽ രണ്ട് ക്രമീകരണങ്ങളാണുള്ളത്. ഒന്ന് കള്ളക്കണക്ക് എഴുതാൻ മാനേജർക്ക് സൗകര്യമില്ല. ഇത് പരിശോധിക്കുന്ന, അസ്സസ് ചെയ്യുന്ന ഉദ്യോഗസ്ഥനും കള്ളക്കണക്കെഴുതാൻ അധികാരമില്ല. അപ്പോൾ രണ്ടുപേർക്കും

LIBRARY ARCHIVES Kerala Legislative Assembly

കള്ളക്കണക്കെഴുതാനുള്ള അവസരം എടുത്തുകളഞ്ഞ് കുറച്ചുകൂടി transparent ആകുന്നു. ശ്രീമതി പി. കെ. ശ്രീമതി ടീച്ചറിനുള്ള മറുപടിയും ഇതിനകത്തുണ്ട്.

മി. ചെയർമാൻ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ശ്രീ. വക്കം പുരുഷോത്തമൻ: ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. ചെയർമാൻ: ശ്രീ. ജോസഫ് എം. പുതുശ്ശേരി അവതരിപ്പിച്ച 74-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ അവതരിപ്പിച്ച 75-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ എം. പ്രകാശൻ മാസ്റ്റർ അവതരിപ്പിച്ച 77, 85, 95 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. തോമസ് ഉണ്ണിയാടൻ അവതരിപ്പിച്ച 79-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ പി. ജയരാജൻ അവതരിപ്പിച്ച 84, 94 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. പി. നാരായണൻ അവതരിപ്പിച്ച 88, 90 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ഡോ. തോമസ് ഐസക് അവതരിപ്പിച്ച 89-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

പ്രൊഫ. സാവിത്രി ലക്ഷ്മണൻ അവതരിപ്പിച്ച 87-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ അവതരിപ്പിച്ച 99-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. എ. കെ. ബാലൻ: സർ, ഞാൻ അവതരിപ്പിച്ച 97-ാം നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നു. ഞാൻ പോൾ ആവശ്യപ്പെടുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി)

അനുകൂലിക്കുന്നവർ— 19

1. ശ്രീ. എ. എ. അസീസ്
2. ,, കോടിയേരി ബാലകൃഷ്ണൻ
3. ,, എ. കെ. ബാലൻ
4. ,, ബിനോയ് വിശ്വം
5. ,, വി. കെ. ചന്ദ്രൻ
6. ,, വി. ചെന്താമരാക്ഷൻ
7. ,, ടി. കെ. ദേവകുമാർ
8. ശ്രീമതി ഗിരിജാ സുരേന്ദ്രൻ
9. ശ്രീ. കെ. കെ. ജയചന്ദ്രൻ
10. ,, പി. ജയരാജൻ
11. ,, കെ. വി. കുഞ്ഞിരാമൻ
12. ,, വി. കെ. സി. മമ്മത് കോയ
13. ,, എം. പ്രകാശൻ മാസ്റ്റർ
14. ,, കെ. രാധാകൃഷ്ണൻ
15. ,, എൻ. രാജൻ
16. ,, കെ. പി. രാജേന്ദ്രൻ
17. ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ
18. ശ്രീ. പി. എസ്. സുപാൽ
19. ഡോ. തോമസ് ഐസക്

പ്രതികൂലിക്കുന്നവർ— 41

1. ശ്രീ. കളത്തിൽ അബ്ദുള്ള
2. ,, സി. ടി. അഹമ്മദ് അലി
3. ,, എ. പി. അനിൽകുമാർ
4. ,, ഇ. എം. അഗസ്തി
5. ,, കെ. ബാബു
6. ,, പി. കെ. കെ. ബാവ
7. ,, കെ. എ. ചന്ദ്രൻ
8. ,, ഡൊമിനിക് പ്രസന്റേഷൻ
9. ,, ജോർജ് ജെ. മാത്യു

LIBRARY ARCHIVES Kerala Legislative Assembly

10. ശ്രീ. എം. എം. ഹസ്സൻ
11. ,, കെ. സി. ജോസഫ്
12. ,, ജോസഫ് എം. പുതുശ്ശേരി
13. ,, പി. ജെ. ജോയി
14. ,, ഉമ്മൻ ചാണ്ടി
15. ,, എം. കെ. പോൾസൺ മാസ്റ്റർ
16. ,, അടൂർ പ്രകാശ്
17. ,, ടി. എൻ. പ്രതാപൻ
18. ,, വക്കം പുരുഷോത്തമൻ
19. ,, തിരുവഞ്ചൂർ രാധാകൃഷ്ണൻ
20. ,, ടി. യു. രാധാകൃഷ്ണൻ
21. ,, വർക്കല കഹാർ
22. ,, കെ. കെ. നായർ
23. ഡോ. എം. എ. കുട്ടപ്പൻ
24. ശ്രീ. ലൂഡി ലൂയിസ്
25. ,, എ. കെ. മണി
26. ,, സി. മോയിൻകുട്ടി
27. ,, ആര്യാടൻ മുഹമ്മദ്
28. ,, എഴുകോൺ നാരായണൻ
29. ,, കെ. കെ. ഷാജു
30. ,, കടവൂർ ശിവദാസൻ
31. ,, സ്റ്റീഫൻ ജോർജ്
32. ,, എ. സുജനപാൽ
33. ,, സി. എഫ്. തോമസ്
34 പ്രൊഫ. കെ. വി. തോമസ്
35. ശ്രീ. തമ്പാനൂർ രവി
36. ,, ടി. പി. എം. സാഹിർ
37. ,, എൻ. ശക്തൻ
38. ,, വി. ഡി. സതീശൻ
39 പ്രൊഫ. സാവിത്രി ലക്ഷ്മണൻ
40. ശ്രീ. പി. ടി. തോമസ്
41. ,, തോമസ് ഉണ്ണിയാടൻ

നിഷ്പക്ഷത പാലിക്കുന്നവർ — ആരുമില്ല.

LIBRARY ARCHIVES Kerala Legislative Assembly

മി. ചെയർമാൻ : ശ്രീ. എ.കെ. ബാലൻ അവതരിപ്പിച്ച 97-ാം നമ്പർ ഭേദഗതിയെ

അനുകൂലിക്കുന്നവർ.....19

പ്രതികൂലിക്കുന്നവർ.....41

നിഷ്പക്ഷത പാലിക്കുന്നവർ — ആരുമില്ല.

ശ്രീ എ. കെ. ബാലൻ അവതരിപ്പിച്ച 97-ാം നമ്പർ ഭേദഗതി 19-നെതിരെ 41 വോട്ടുകളോടെ സഭ നിരാകരിച്ചു.

4-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കാമോ എന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

4-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

4-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

5-ാം വകുപ്പ്

Shri Joseph M. Puthusseri: Sir, I move the following amendment:

(100) In Section 17 A of the principal Act proposed to be substituted by clause 5, for the words "Notwithstanding anything contained" substitute the words "Notwithstanding anything to the contrary contained."

മി. ചെയർമാൻ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതി സ്വീകരിക്കുന്നുണ്ടോ?

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി *(ശ്രീ. വക്കം പുരുഷോത്തമൻ):* ഭേദഗതി സ്വീകരിക്കുന്നില്ല.

ശ്രീ ജോസഫ് എം. പുതുശ്ശേരി അവതരിപ്പിച്ച 100-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

5-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കാമോ എന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

5-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

5-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

LIBRARY ARCHIVES Kerala Legislative Assembly

6-ാം വകുപ്പ്

Shri M. Prakashan Master: Sir, I move the following amendment:

(104) In sub-section 3 of Section 18 of the principal Act, proposed to be substituted by clause 6, the words "the designated officer" shall be substituted by the words – "The Commissioner or the designated officer".

കമ്മീഷണർക്ക് വിസിറ്റ് ചെയ്യാനുള്ള അധികാരം ഡെലിഗേറ്റ് ചെയ്യണമെന്നുള്ളതാണ്.

Shri Kodiyeri Balakrishnan: Sir, I move the following amendment:

(105) In Section 18(1) of the principal Act proposed to be amended by clause 6, for the words "Deputy Commissioner" substitute the words "Sales Tax Officer".

Dr. M. A. Kuttappan: Sir, I move the following amendment:

(106) In Section 18(1) of the principal Act, proposed to be amended by clause 6, for the words "business place" substitute "Business premises".

Shri P. K. K. Bava: Sir, I move the following amendment:

(107) In Section 18(1) of the principal Act, proposed to be amended by clause 6, for the words "either by himself or through Audit Officers" substitute the words "either by himself or with Audit Officers."

Shri K. P. Rajendran: Sir, I move the following amendments:

(111) In sub-section (1) of Section 18 of the principal Act, proposed to be substituted by clause 6 add the following:

"*Explanation*: For the purposes of this Section, business place includes any place where the books of Accounts, any other records of stock statements and goods relating to business are kept".

(116) After Section 18(3) of the principal Act, proposed to be amended by clause 6 the following shall be added as 18(4) "18(4) for levy of turn over tax threshold limit of purchase may be made the basis for rate fixing instead of location."

LIBRARY ARCHIVES Kerala Legislative Assembly

കച്ചവടസംബന്ധമായ രേഖകളും അതുപോലെ കണക്കുപുസ്തകങ്ങളും സ്വന്തം കച്ചവടസ്ഥലത്തിന് പുറത്താണ് സൂക്ഷിക്കുന്നതെങ്കിലും മറ്റെവിടെ സൂക്ഷിച്ചാലും ആഡിറ്റ് ചെയ്യാനുള്ള അധികാരമുണ്ടായിരിക്കണം. സെക്ഷൻ 18 പുതുതായി ഉൾപ്പെടുത്താനാണ് നിർദ്ദേശിക്കുന്നത്. കച്ചവടസ്ഥാപനം എവിടെ സ്ഥിതിചെയ്യുന്നു എന്നതിനെ അനുസരിച്ചല്ല അവിടെ നടക്കുന്ന കച്ചവടമാണ് പ്രധാനം. ചിലപ്പോൾ സിറ്റിയെക്കാളും കച്ചവടം പുറത്തുള്ള സ്ഥലത്താകാം. അതുകൊണ്ട് വിറ്റുവരവിന്റെ പരിധി എത്രയാണെന്നതിനനുസരിച്ചായിരിക്കണം നികുതി അസ്സസ് ചെയ്യേണ്ടത്.

Shri. V. D. Satheesan: Sir, I move the following amendment:

(114) In Section 18(2) (c) of the principal Act, proposed to be amended by clause 6 after the words "reject the return" add the words "unless the dealer does not produce the records required by the audit officer or other officer to his satisfaction."

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി *(ശ്രീ. വക്കം പുരുഷോത്തമൻ):* ഭേദഗതികളൊന്നും സ്വീകാര്യമല്ല.

മി. ചെയർമാൻ: ഡോ. എം. എ. കുട്ടപ്പൻ അവതരിപ്പിച്ച 106-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. പി. കെ. കെ. ബാവ അവതരിപ്പിച്ച 107-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. വി. ഡി. സതീശൻ അവതരിപ്പിച്ച 114-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. എം. പ്രകാശൻ മാസ്റ്റർ അവതരിപ്പിച്ച 104-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ അവതരിപ്പിച്ച 105-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. കെ. പി. രാജേന്ദ്രൻ അവതരിപ്പിച്ച 111, 116 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

6-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

6-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

GPM. 2/587/2012.—44

LIBRARY ARCHIVES Kerala Legislative Assembly

1-ാം വകുപ്പും പീഠികയും പേരും

Shri M. Prakashan Master: Sir, I move the following amendment:

(71) In clause 1(2) the words "on the 1st day of April 2005" may be substituted by the words "at once".

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി *(ശ്രീ. വക്കം പുരുഷോത്തമൻ):* ഇത് രണ്ട് രീതിയിലുണ്ട്. ചിലതെല്ലാം ടാക്സ് ഏപ്രിൽ 1-ാം തീയതിക്കകം പിരിക്കേണ്ടതാണ്. ചിലത് പുതിയതായിട്ട് തുടങ്ങുന്നുണ്ട്. അത് at once എന്ന് എഴുതും. അതനുസരിച്ചാണ് ഇപ്പോഴത്തെ അമന്റ്മെന്റ്. ഭേദഗതി സ്വീകാര്യമല്ല.

ശ്രീ. എം. പ്രകാശൻ മാസ്റ്റർ അവതരിപ്പിച്ച 71-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി *(ശ്രീ.വക്കം പുരുഷോത്തമൻ):* സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2005-ലെ കേരള ജനറൽ സെയിൽസ് ടാക്സ് (അമെന്റ്മെന്റ്) ബിൽ പാസ്സാക്കിത്തരണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി *(ശ്രീ. അടൂർ പ്രകാശ്)* : സർ, ഞാൻ പ്രമേയത്തെ പിൻതാങ്ങുന്നു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, ബാർ ഹോട്ടലുകളെ സഹായിക്കുന്ന നിർദ്ദേശം ഇതിനകത്ത് ഉൾക്കൊള്ളിച്ചിട്ടുണ്ട്. അതിനോട് യോജിക്കാൻ സാദ്ധ്യമല്ല. മദ്യത്തിന്റെ പ്രശ്നത്തിൽ സംസ്ഥാനത്ത് വലിയ ഒരു കൊള്ള നടക്കുന്ന ഒരു മേഖലയാണ്. ഇപ്പോൾത്തന്നെ മദ്യത്തിന് 15 ശതമാനം മുതൽ 25 ശതമാനം വരെ വില കേരളത്തിൽ വർദ്ധിച്ചിട്ടുണ്ട്. ബിവറേജസ് കോർപ്പറേഷനാണ് ഇൻഡ്യൻ നിർമ്മിത വിദേശമദ്യം ഇന്ന് വിൽപ്പന നടത്തുന്നത്. അതുവഴി നമ്മുടെ സംസ്ഥാനത്തിന് ടാക്സ് വർദ്ധിക്കും. പക്ഷേ, അതിന്റെ ആത്യന്തികമായ ഗുണം കിട്ടിയത് യു.ബി. ഗ്രൂപ്പിനാണ്. ഈ സംസ്ഥാനത്ത് വിതരണം ചെയ്യുന്ന ഇൻഡ്യൻ നിർമ്മിത വിദേശമദ്യത്തിന്റെ കുത്തക കർണ്ണാടക സംസ്ഥാനത്തുനിന്നും വരുന്ന യു.ബി. ഗ്രൂപ്പിനാണ്. അവരെ സഹായിക്കുക എന്നുള്ളതാണ് ഇതിനകത്ത് വന്നിട്ടുള്ള പ്രശ്നം. മദ്യത്തിന്റെ വില വർദ്ധിച്ചു

LIBRARY ARCHIVES Kerala Legislative Assembly

എന്നു പറയുമ്പോൾ നികുതിവർദ്ധനവിന്റെ ഗുണം കിട്ടിയത് കർണ്ണാടകക്കാരനായ വിജയമല്ലിക്കാണ്. ഇത്തരം ഹോട്ടലുകാരെ സഹായിക്കുന്ന ഉദ്ദേശം ഇതിനകത്ത് പതിയിരിപ്പുണ്ട്. ഒരു വിഷമവും ഇല്ലാത്ത ബില്ലാണ്, ചെറിയ ഒരു വാചകം മാത്രമേയുള്ളൂ എന്നു പറഞ്ഞുകൊണ്ടാണ് അങ്ങ് വന്നത് എങ്കിലും അവസാനം ഇതിനകത്ത് ഒരു കത്തി പതിയിരിക്കുന്നു എന്നുള്ളതുകൊണ്ട് ഞങ്ങൾക്ക് ആ നിർദ്ദേശത്തെ എതിർക്കാതിരിക്കാൻ കഴിയില്ല.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി *(ശ്രീ. വക്കം പുരുഷോത്തമൻ):* സർ, ഇത്രയും കാലം ഞാൻ ഒരു സന്ദർഭത്തിനുവേണ്ടി കാത്തിരിക്കുകയായിരുന്നു. മദ്യത്തിന് വില കൂടിയത് ഒരു ഫാക്ട് ആണ്. മദ്യത്തിന് വിലകൂടിയിട്ട് എന്തുകൊണ്ട് ഈ അസംബ്ലിയിൽ ആരും പറയുന്നില്ല എന്ന് ഞാൻ ഇത്രയും കാലം കാത്തിരിക്കുകയായിരുന്നു. ഇനിയെങ്കിലും അറിയണം. ഒരു കുപ്പി മദ്യത്തിന് 50 രൂപ കിട്ടുമെങ്കിൽ അതിൽ 46 രൂപയും സർക്കാരിനാണ്. 46 രൂപ ടാക്സ് ആണ്. അല്ലാതെ കച്ചവടക്കാരനല്ല കിട്ടുന്നത്. ഞാൻ വിചാരിച്ചത് നിങ്ങൾക്കൊക്കെ ഇതറിയാം, അതുകൊണ്ടാണ് ഇത്രയും കാലം പറയാതിരുന്നതെന്നാണ്. അതുകൊണ്ട് ഇതൊക്കെ വളരെ സുതാര്യമാണ്. നിങ്ങൾ പറയുന്ന യു. ബി. ഗ്രൂപ്പുകാരനെ എനിക്ക് അറിഞ്ഞുകൂടാ. എന്നെ കാണാൻ ആരും വന്നതുമില്ല. വരാൻ ആരും ധൈര്യം കാണിക്കുകയുമില്ല.

ഡോ. തോമസ് ഐസക് : നിലവിലുള്ള വിലയെക്കാൾ 50 രൂപ വർദ്ധിച്ചാൽ അതിൽ 46 രൂപ ഗവൺമെന്റിന് കിട്ടണമെങ്കിൽ അത് ഏത് നികുതിയാണ് എന്ന് അറിയാൻവേണ്ടിയാണ് ചോദിക്കുന്നത്.

ശ്രീ. വക്കം പുരുഷോത്തമൻ : അപ്പോൾ ഡോക്ടർക്കും ഇത് അറിഞ്ഞുകൂടേ? എല്ലാറ്റിനും ഇതുതന്നെയാണ്. മദ്യത്തിന്റെ വില കൂടുന്നതനുസരിച്ച് നമുക്ക് നികുതി വരും. 50 രൂപ നികുതി കൂട്ടിയാൽ 46 രൂപ സർക്കാരിന് കിട്ടും. നാല് രൂപ മാത്രമേ കച്ചവടക്കാർക്കുള്ളൂ. ഇതിൽ എന്ത് ഫ്രാഡ് നടത്താനാണ്. അതുകൊണ്ട് ഇത് പാസ്സാക്കിത്തരണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

മി. ചെയർമാൻ: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2005-ലെ കേരള ജനറൽ സെയിൽസ് ടാക്സ് (അമെന്റ്മെന്റ്) ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ശ്രീ. എ.കെ ബാലൻ : സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി.)

LIBRARY ARCHIVES Kerala Legislative Assembly

അനുകൂലിക്കുന്നവർ —38

1. ശ്രീ. കളത്തിൽ അബ്ദുള്ള
2. ,, സി. ടി. അഹമ്മദ് അലി
3. ,, എ. പി. അനിൽകുമാർ
4. ,, ഇ. എം. അഗസ്തി
5. ,, കെ. ബാബു
6. ,, പി. കെ. കെ. ബാവ
7. ,, കെ. എ. ചന്ദ്രൻ
8. ,, ഡൊമിനിക് പ്രസന്റേഷൻ
9. ,, ജോർജ് ജെ. മാത്യു
10. ,, എം. എം. ഹസ്സൻ
11. ,, കെ. സി. ജോസഫ്
12. ,, ജോസഫ് എം. പുതുശ്ശേരി
13. ,, പി. ജെ. ജോയി
14. ,, ഉമ്മൻ ചാണ്ടി
15. ,, എം. കെ. പോൾസൺ മാസ്റ്റർ
16. ,, അടൂർ പ്രകാശ്
17. ,, ടി. എൻ. പ്രതാപൻ
18. ,, വക്കം പുരുഷോത്തമൻ
19. ,, തിരുവഞ്ചൂർ രാധാകൃഷ്ണൻ
20. ,, ടി. യു. രാധാകൃഷ്ണൻ
21. ,, കെ. കെ. നായർ
22. ഡോ. എം. എ. കുട്ടപ്പൻ
23. ശ്രീ. ലൂഡി ലൂയിസ്
24. ,, എ. കെ. മണി
25. ,, സി. മോയിൻകുട്ടി
26. ,, ആര്യാടൻ മുഹമ്മദ്
27. ,, എഴുകോൺ നാരായണൻ
28. ,, കടവൂർ ശിവദാസൻ
29. ,, എ. സുജനപാൽ
30. ,, സി. എഫ്. തോമസ്
31. പ്രൊഫ. കെ. വി. തോമസ്

LIBRARY ARCHIVES Kerala Legislative Assembly

32. ശ്രീ. തമ്പാനൂർ രവി
33. „ ടി. പി. എം. സാഹിർ
34 „ എൻ. ശക്തൻ
35. „ വി. ഡി. സതീശൻ
36. പ്രൊഫ. സാവിത്രി ലക്ഷ്മണൻ
37. ശ്രീ. പി. ടി. തോമസ്
38. „ തോമസ് ഉണ്ണിയാടൻ

പ്രതികൂലിക്കുന്നവർ—20

1. ശ്രീ. എ. എ. അസീസ്
2. „ കോടിയേരി ബാലകൃഷ്ണൻ
3. „ എ. കെ. ബാലൻ
4. „ ബിനോയ് വിശ്വം
5. „ വി. കെ. ചന്ദ്രൻ
6. „ വി. ചെന്താമരാക്ഷൻ
7. „ ടി. കെ. ദേവകുമാർ
8. ശ്രീമതി ഗിരിജാ സുരേന്ദ്രൻ
9. ശ്രീ. കെ. കെ. ജയചന്ദ്രൻ
10. „ പി. ജയരാജൻ
11. „ കെ. വി. കുഞ്ഞിരാമൻ
12. „ വി. കെ. സി. മമ്മത് കോയ
13 „ പി. നാരായണൻ
14. „ എം. പ്രകാശൻ മാസ്റ്റർ
15. „ കെ. രാധാകൃഷ്ണൻ
16. „ എൻ. രാജൻ
17. „ കെ. പി. രാജേന്ദ്രൻ
18. ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ
19. ശ്രീ. പി. എസ്. സുപാൽ
20. ഡോ. തോമസ് ഐസക്

നിഷ്പക്ഷത പാലിക്കുന്നവർ — ആരുമില്ല.

മി. ചെയർമാൻ:

അനുകൂലിക്കുന്നവർ.....38

പ്രതികൂലിക്കുന്നവർ..... 20

പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

LIBRARY ARCHIVES Kerala Legislative Assembly